**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2380** | **12-02-2024 - ൽ മറുപടിയ്ക്ക്**

**നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിനും നെല്ലിന്റെ താങ്ങുവില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ഓരോ സംഭരണ സീസണിലും സുഗമമായ നെല്ല് സംഭരണം നടത്തുന്നതിന് പൊതു നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നെല്ല് സംഭരണം ആരംഭിക്കുന്നതിന്റെ പ്രഖ്യാപനം പത്ര മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തുകയും താൽപ്പര്യമുള്ള കർഷകരോട് രജിസ്റ്റർ ചെയ്യുവാൻ അറിയിക്കുകയും ചെയ്യുന്നു. സപ്ലൈകോയുടെ പാഡി പോർട്ടലിലാണ് കർഷക രജിസ്ട്രേഷൻ നടത്തേണ്ടത്. കൃഷി ഓഫീസർമാർ കർഷകർ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ച് അംഗീകാരം നൽകുന്നു. സപ്ലൈകോയുമായി സംഭരണത്തിന് കരാർ ഒപ്പിട്ടിട്ടുള്ള മില്ലുകൾക്ക് വിളവെടുപ്പ് പ്രഖ്യാപിക്കപ്പെടുന്ന മുറയ്ക്ക് കർഷകരുടെ പക്കൽനിന്നും നെല്ല് സംഭരിക്കുന്നതിനുള്ള അനുവാദം നൽകുന്നു.<br><br>സംഭരിക്കപ്പെടുന്ന നെല്ല് കേന്ദ്ര മാനദണ്ഡപ്രകാരം അരിയാക്കി പൊതുവിതരണ ശൃംഖലയിലേയ്ക്ക് എത്തിക്കുകയും വിതരണം ചെയ്യപ്പെടുന്ന അരിയുടെ കണക്കനുസരിച്ച് കേന്ദ്ര വിഹിതത്തിനായി ക്ലെയ്മുകൾ സമർപ്പിക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാരിൽ നിന്നും താങ്ങുവില ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാൽ ബാങ്കുകളിൽ നിന്ന് പി.ആർ.എസ് വായ്പയായി തുക ലഭ്യമാക്കുകയും കേന്ദ്രസർക്കാരിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോ തിരിച്ചടവ് വരുത്തുകയും ചെയ്യുന്നു. ഈ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി സപ്ലൈകോയുടെയും, കൃഷി വകുപ്പിൽ നിന്നും, പൊതുവിതരണ വകുപ്പിൽ നിന്നും ഉള്ള ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ വർഷം സംസ്ഥാനത്ത് എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്ന് വിശദമാക്കുമോ? | (ബി) | **2022-23 സീസണിൽ 731183.563 മെട്രിക് ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ